ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**
**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം -കേരള പി.എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളെ **₹ 26500 - 60700/-** രൂപ ശമ്പള നിരക്കിൽ **ട്രേഡ്സ്മാൻ (മെഷിനിസ്റ്റ്)** തസ്തികയിൽ താത്ക്കാലികമായി നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം ( ബി ) വിഭാഗം**

**നം. EB5/8530/2025/DTE** **തിരുവനന്തപുരം, തീയതി : 21-10-2025**

---

വായന :-

1. 10.06.2020 തീയതിയിലെ സ. ഉ.(കൈ ) നം. 207/2020/ഉ. വി. വ. നമ്പർ സർക്കാർ ഉത്തരവ്.
2. 15.12.2021 തീയതിയിലെ സ. ഉ.(കൈ ) നം. 592/2021/ഉ. വി. വ. നം.സർക്കാർ ഉത്തരവ്.
3. 08.09.2025 തീയതിയിലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ RIC-1/29/2025-KPSC നമ്പർ നിയമന ശുപാർശ കത്ത്.
4. 05.03.1974 തീയതിയിലെ സ. ഉ.(അച്ചടി) നം.49/74/പി ഡി നമ്പർ സർക്കാർ ഉത്തരവ്.
5. 18.07.1974 തീയതിയിലെ സ. ഉ.(കൈ ) നം.170/74/പി ഡി നമ്പർ സർക്കാർ ഉത്തരവ്.
6. 29.03.1990 തീയതിയിലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.3737/റൂൾസ്/1/90/ഉ. ഭ. പ. വി.സർക്കാർ സർക്കുലർ മെമ്മോറാണ്ടം.
7. 15.02.1991തീയതിയിലെ സ.ഉ.(അച്ചടി) നം.7/91/ഉ. ഭ. പ.വി. നമ്പർ സർക്കാർ ഉത്തരവ്.
8. 30.06.2011 തീയതിയിലെ സ.ഉ.(അച്ചടി) നം.20/2011/ഉ. ഭ. പ.വി. നമ്പർ സർക്കാർ ഉത്തരവ്.
9. 07.01.2013 തീയതിയിലെ സ.ഉ.(അച്ചടി) നം.20/2013/ധന നമ്പർ സർക്കാർ ഉത്തരവ്.
10. 03.04.2013 തീയതിയിലെ സ.ഉ.(അച്ചടി) നം.149/2013 നമ്പർ സർക്കാർ ഉത്തരവ്.
11. 15.11.2016 തീയതിയിലെ സ.ഉ.(അച്ചടി) നം.171/2016/ധന നമ്പർ സർക്കാർ ഉത്തരവ്.
12. 12.10.2012 തീയതിയിലെ സ.ഉ.(അച്ചടി) നം.503/2012/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
13. 17.08.2021 തീയതിയിലെ സ.ഉ.(അച്ചടി) നം.118/2021 നമ്പർ ഉ.വി.വ

സർക്കാർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ ട്രേഡ്സ്മാൻ തസ്തികയിലെ നിയമനങ്ങൾ ജില്ലാടിസ്ഥാനത്തിൽ നിന്നും സംസ്ഥാന തലത്തിലാക്കി സർക്കാർ ഉത്തരവായിരിക്കുന്നു. അത് പ്രകാരം ഈ വകുപ്പിലെ ₹26500-60700/- രൂപ ശമ്പള നിരക്കിലുള്ള **ട്രേഡ്സ്മാൻ (മെഷിനിസ്റ്റ്)** തസ്തികയിലേക്കുള്ള നിയമനത്തിനായി താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ പരാമർശം (3) ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിരിക്കുന്നു. ആകയാൽ ഈ വകുപ്പിലെ ₹26500-60700/- രൂപ ശമ്പള നിരക്കിലുള്ള **ട്രേഡ്സ്മാൻ (മെഷിനിസ്റ്റ്)** തസ്തികയിലേക്ക് പ്രസ്തുത ഉദ്യോഗാർത്ഥികളെ 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, റൂൾ 3(C), റൂൾ 9 (a) (i) എന്നിവയ്ക്ക് വിധേയമായി താത്ക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം, പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം യാതൊരു അറിയിപ്പും കൂടാതെ ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.സ്വഭാവവുംപൂർവ്വചരിത്രവും തൃപ്തികരമാണെന്ന് തുടർന്നുള്ള പരിശോധനയിൽ തെളിയുന്ന മുറയ്ക്ക് മാത്രമേ ഉദ്യോഗാർത്ഥി ക്രമവൽക്കൃത നിയമനത്തിന് അർഹത നേടുകയുള്ളൂ. ഉദ്യോഗാർത്ഥിയുടെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Name and Address of Candidate | Name of Institution Appointed | Post Name & Turn |
|---|---|---|---|
| 1 | **DILEEP MAVELI**<br>MAVELI HOUSE<br>PAPPINISSERI<br>KANNUR 670561 | GOVT.ENGINEERING COLLEGE, WAYANAD | Tradesman (Machinist) DA-LV Turn |
| 2 | **JISHNU P S**<br>PULIYATH<br>IRINGUTTOOR<br>THIRUMITTACODE<br>PALAKKAD 679533<br>(SC-KANAKKAN) | GOVT.POLYTECHNIC COLLEGE PALAKKAD | Tradesman (Machinist) OC Turn |
| 3 | **RAHUL HARIKUMAR**<br>TC-31/187(2) MUDUMBIL VEEDU CHAKAI<br>THIRUVANANTHAPURAM<br>PETTAH P O 695024<br>(E/B/T-EZHAVA) | GOVT.ENGINEERING COLLEGE,<br>BARTON HILL,<br>THIRUVANANTHAPURAM | Tradesman (Machinist) BC Turn |
| 4 | **MUZADHIQUE T M**<br>THEKKUMTHALAPPADY<br>WEST VELIYATHUNADU<br>ERNAKULAM<br>VELIYATHUNADU .P.O | GOVT.POLYTECHNIC COLLEGE<br>PERUMBAVOOR | Tradesman (Machinist) OC Turn |

| | | | |
|---|---|---|---|
| | 683511<br>(MUSLIM) | | |
| 5 | **SUDARSAN K**<br>THOLANIKKAVU HOUSE<br>KODUNTHIRAPULLY<br>PALAKKAD<br>KODUNTHIRAPULLY<br>678004<br>(SC-CHERUMAN) | GOVT.ENGINEERING COLLEGE THRISSUR | Tradesman (Machinist) BC Turn |
| 6 | **RAHUL M P**<br>MANGAM PARAMBIL<br>VALIYAKUNNU<br>VALIYAKUNNU<br>MALAPPURAM 676552<br>(VISEWAKARMA-THATTAN) | KERALA GOVT. POLYTECHNIC COLLEGE , KOZHIKODE | Tradesman (Machinist) OC Turn |
| 7 | **ANAS C K**<br>CHERUKAYIL KUYYIL HOUSE<br>MUKKAM VIA<br>KOZHIKODE<br>KODIYATHUR P O 673602 | MAHARAJA'S TECHNOLOGICAL INSTITUTE , THRISSUR (MTI) | Tradesman (Machinist) BC Turn |
| 8 | **KIRAN S R**<br>JAMES NIVAS<br>PANANGATTUKARI<br>NEYYATTINKARA<br>NEYYATTINKARA P O<br>THIRUVANANTHAPURAM<br>695121 | COLLEGE OF ENGINEERING TRIVANDRUM (CET) SREEKARYAM | Tradesman (Machinist) OC Turn |
| 9 | **DEEPAK STEAPHEN**<br>CHIKEES<br>KANNANALLOOR<br>KOLLAM<br>KANNANALLOOR P O<br>691576<br>(LC/A1-LATIN CATHOLICS) | COLLEGE OF ENGINEERING TRIVANDRUM (CET) | Tradesman (Machinist) BC Turn |
| 10 | **KOSHOR K**<br>KUTTIYIL PUTHEN VEEDU<br>NORTH MYNAGAPPALLY P O<br>MYNAGAPPALLY<br>KOLLAM 690519<br>(EWS) | GOVT.ENGINEERING COLLEGE, THRISSUR | Tradesman (Machinist) EWS Turn |
| | **SUJAI M J**<br>MUTHRATHIPARAMBIL | SREERAMA | Tradesman |

| | | | |
|---|---|---|---|
| 11 | HOUSE CHITISSERY THRISSUR 680301 (OBC-ODANS) | GOVT.POLYTECHNIC COLLEGE , THRISSUR | (Machinist) BC Turn |

2.ഉത്തരവ് കൈപ്പറ്റി 07.11.2025 നുള്ളിൽ ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, ജാതി/സമുദായം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവി മുൻപാകെ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്. കൂടാതെ,കേരള സർവ്വീസ് ചട്ടം ഭാഗം 1 ചട്ടം 13-ൽ നിഷ്കർഷിക്കുന്ന രീതിയി അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നല്കുന്ന മെഡിക്കൽ-ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥികള് തങ്ങളുടെ ഫോട്ടോയും വിരലടയാളവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി , ഗസറ്റഡ് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ബന്ധപ്പെട്ട സ്ഥാപന മേധാവിയ്ക്ക് മുൻപാകെ ഹാജരാക്കേണ്ടതാണ് .അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ഈ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

3.ഒഴിവില്ലാത്ത കാരണത്താല് ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളെ നിയമന ശിപാർശ ചെയ്ത കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസി ടിയാൾക്കു പുനർ നിയമനത്തിനായി പേര് റി-രജിസ്റ്റർചെയ്യാവുന്നതും അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിടുതൽചെയ്യപ്പെട്ടത് ആ തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതുമാണ്.

4. സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തിയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5.സ്ഥാപനമേധാവി,ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസയോഗ്യത, ജനന തിയതി, ജാതി/സമുദായം, ഫോട്ടോ, ഒപ്പ് എന്നിവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പുമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

6. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥിയിൽ നിന്നും പരാമർശം (5 ) ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

7. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥി ഹാജരാക്കുന്ന അസ്സൽ നോൺ-ക്രീമീലയർ സർട്ടിഫിക്കറ്റ് (ബാധകമാകുന്ന നിയമനങ്ങളിൽ മാത്രം) പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത്,കേരള പി.എസ്.സിയിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് സ്ഥാപന മേധാവി മുൻപാകെ ഹാജരാക്കേണ്ടതാണ്.അല്ലാത്തപക്ഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതല്ല. സ്ഥാപന മേധാവികൾ ഇത്തരത്തിൽ ഉദ്യോഗാർത്ഥി ഹാജരാക്കുന്ന വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും പരിശോധിച്ച് ശരിയെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തേണ്ടതും,ആയത് താഴെ ഖണ്ഡികയിൽ പറയുന്ന രേഖകളോടൊപ്പം ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

9. ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിച്ച് പരമാവധി ഒരാഴ്ച്ചയ്ക്കകം ടിയാളുടെ സേവന പുസ്തകം തുറക്കേണ്ടതും, പ്രസ്തുത സേവന പുസ്തകത്തിൽ പേരും മേൽവിലാസവും വിരലടയാളവും ഒപ്പും വ്യക്തിപരമായ തിരിച്ചറിയൽ അടയാളങ്ങളും രേഖപ്പെടുത്തേണ്ടതും,ടിയാന്റെ Personal Memorandum

സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്.

**10.** പരാമർശം (9) & (10) എന്നീ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 1.4.2013 ന് ശേഷം നിയമിതരാകുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം ദേശീയ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തിയായിരിക്കും.

**11.** പരാമർശം (11) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുകളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രൊഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സേവനപുസ്തകത്തില് ഉള്പ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ.(ഉദ്യോഗാർഥികളുടെ അസ്സൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. )
2. ബന്ധപ്പെട്ട ഉദ്യോഗാർഥികൾ.
3. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

Signed by
Jayaprakash P
Date: 21-10-2025 16:14:57